സ.ഉ.(സാധാ) നം.369/2023/LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- തിരുവനന്തപുരം നഗരസഭയിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. സനുപ്.എസ്.എസ്.-ന് പലിശരഹിത മെഡിക്കൽ അഡ്വാൻസ് അനുവദിക്കുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.369/2023/LSGD തീയതി,തിരുവനന്തപുരം, 09-02-2023

പരാമർശം:- 1. തിരുവനന്തപുരം നഗരസഭാസെക്രട്ടറിയുടെ 05.01.2023 തീയതിയിലെ ജിഇ2-94853/22നമ്പർ കത്ത്.

2. ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് (നഗരകാര്യം)-ന്റെ 16.01.2023 തീയതിയിലെ ഡിസി5- 229295/23 നമ്പർ കത്ത്.

ഉത്തരവ്

തിരുവനന്തപുരം നഗരസഭയിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. സനുപ്. എസ്.എസ്.-ന്, 20.12.2022 ൽ സ്ട്രോക്ക് വന്നതിനെത്തുടർന്ന് അടിയന്തര ശസ്ത്രക്രിയയ്ക്കായി തിരുവനന്തപുരം ശ്രീചിത്തിരതിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജിയിൽ പ്രവേശിപ്പിച്ചിരിക്കുന്നതിനാൽ ടിയാന് ന്യൂറോ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വേണ്ടി 5,00,000/-രൂപ (അഞ്ച് ലക്ഷം രൂപ) പലിശരഹിത മെഡിക്കൽ അഡ്വാൻസ് അനുവദിക്കുന്നതിന് നഗരസഭാസെക്രട്ടറി മുഖേന അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ, അടിയന്തരപ്രാധാന്യമുള്ള വിഷയമായതിനാൽ തിരുവനന്തപുരം നഗരസഭാ മേയറുടെ മുൻകൂർ അനുമതി ലഭ്യമാക്കിയതായി നഗരസഭാസെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതായും, ആയതിനാൽ ഇക്കാര്യത്തിൽ സർക്കാർ അനുമതിയ്ക്കായി അപേക്ഷയും അനുബന്ധരേഖകളും സഹിതം ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് (നഗരകാര്യം) പരാമർശം (2) പ്രകാരം ഇപാർശ ചെയ്ത് സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം പലിശരഹിത മെഡിക്കൽ അഡ്വാൻസ് അനുവദിക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവുകൾക്കും, ചുവടേചേർക്കുന്ന നിബന്ധനകൾക്കും വിധേയമായി തിരുവനന്തപുരം നഗരസഭയിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. സനുപ്. എസ്.എസ്.-ന് തിരുവനന്തപുരം ശ്രീചിത്തിരതിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജിയിൽ ന്യൂറോ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വേണ്ടി 5,00,000/-രൂപ (അഞ്ച് ലക്ഷം രൂപ) പലിശരഹിത മെഡിക്കൽ അഡ്വാൻസായി, തിരുവനന്തപുരം നഗരസഭാ മേയറുടെ മുൻകൂർ അനുമതിയുടെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന്, സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ഇതുമായി ബന്ധപ്പെട്ട ചെലവ് തിരുവനന്തപുരം നഗരസഭയുടെ തനത്ഫണ്ടിൽനിന്നും അനുവദിക്കേണ്ടതാണ്.

ii) ഇപ്രകാരം അനുവദിച്ച 5,00,000/- രൂപയുടെ പലിശ രഹിത ചികിത്സാ വായ്പ ശ്രീ. സനൂപ്. എസ്.എസ് സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതാണ്.

iii) ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തതാ സർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ കൈപ്പറ്റുന്ന തീയതി മുതൽ 3 മാസത്തിനകം അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. പലിശ രഹിത ചികിത്സാ വായ്പ 6 മാസത്തിനകം ക്രമപ്പെടുത്തേണ്ടതും അല്ലാത്ത പക്ഷം 12% നിരക്കിൽ പിഴപ്പലിശ വായ്പക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്.

iv) പ്രസ്തുത പലിശ രഹിത ചികിത്സാവായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി തിരിച്ചു പിടിക്കുന്നതാണ്. കൂടാതെ വായ്പക്കാരനെതിരെ അച്ചടക്ക നടപടിയും സ്വീകരിക്കുന്നതാണ്.

v) പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിന് മുൻപായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പറും തീയതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ വായ്പക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. വായ്പ കൈപ്പറ്റാതിരിക്കുകയോ റദ്ദു ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം നിയമനാധികാരിയെ കൃത്യമായും അറിയിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് (നഗരകാര്യം), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ. സനൂപ്. എസ്.എസ്., ക്ലർക്ക്, തിരുവനന്തപുരം നഗരസഭ.
(ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് (നഗരകാര്യം) മുഖേന)
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ (ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് (നഗരകാര്യം മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 10-02-2023 10:48:21
സെക്ഷൻ ഓഫീസർ